# <u>ബൈക്ക് മോഷണം : മൂന്നു പേർ പിടിയിൽ</u>

ആലുവ കൊടികുത്തുമലയിൽ നിന്നും മോട്ടോർ സൈക്കിൾ മോഷ്ടിച്ച് വാഹന ഭാഗങ്ങൾ വില്പന നടത്തിയ കേസിലെ പ്രതികൾ പിടിയിലായി. വടക്കേക്കര കളരിക്കൽ അമ്പലത്തിന് സമീപം മലയിൽ വീട്ടിൽ ആരോമൽ (19), കുഞ്ഞിത്തൈ വടക്കേ കടവ് ഭാഗത്ത്, മുല്ലശ്ശേരി വീട്ടിൽ സതീഷ് (22), എന്നിവരെയാണ് ആലുവ ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ഇവരെ കൂടാതെ ഈ കേസ്സിൽ പ്രയപൂർത്തിയാകാത്ത ഒരു 15 കാരനും ഉൾപ്പെട്ടിട്ടുണ്ട്. ആരോമൽ ചാലക്കുടി, നെടുമ്പാശ്ശേരി, വാരാപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത സമാന രീതിയിലുള്ള മോഷണക്കേസ്സുകളിലും പീഡനക്കേസ്സിലും, സതീഷ് വടക്കേക്കര പോലീസ് സ്റ്റേഷനിലെ കൊലപാതകശ്രമക്കേസിലും പ്രതിയാണെന്ന് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് അറിയിച്ചു. മോഷണ വസ്തു വിറ്റുകിട്ടുന്ന പണം ആഢംബര ജീവിതത്തിനാണ് പ്രതികൾ ഉപയോഗിക്കുന്നത്. മോഷ്ടാക്കളെ പിടികൂടുന്നതിന് ആലുവയിലും പരിസരങ്ങളിലും പ്രത്യേക പട്രോളിംഗ് സംഘത്തെ നിയോഗിച്ചിരിക്കുകയാണ്. മോഷണവുമായി ബന്ധപ്പെട്ട് പത്തോളം പേരെ ആലുവയിൽ രണ്ടു മാസത്തിനകം പിടികൂടിയിട്ടുണ്ട്. അന്വേഷണ സംഘത്തിൽ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ രാജേഷ് പി.എസ്, എസ് ഐ വിനോദ് ആർ, എ എസ് ഐ മാരായ ബിജു എം.കെ, ജൂഡ്.എ, രാജേഷ് കുമാർ, എസ് സി പി. ഒ.നവാബ്, സി പി ഒ മുഹമ്മദ് അമീർ എൻ.എ, എന്നിവരാണ് ഉണ്ടായിരുന്നത്.